കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മയിലാട്ടുംപാറ റോഡ് ടാറിംഗ് എന്ന പ്രോജക്ടിന് (പ്രോജ.നം 80/18) അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3327/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 17.10.2017

---

വായന :- 1) അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.08.2017-ലെ B1-200/17-ാം നമ്പർ കത്ത്

2) 13.09.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 4.13 നമ്പർ തീരുമാനം

**ഉത്തരവ്**

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ടാറ്റാ കോഫി ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള തോട്ടം മേഖലയിൽ 5 വാർഡുകളിലായി ആകെ ജനസംഖ്യയുടെ 30 ശതമാനം ആൾക്കാർ വസിക്കുന്നതിനാൽ പ്രസ്തുത മേഖലയിൽ ആവശ്യമായ റോഡ് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി മയിലാട്ടുംപാറ റോഡ് ടാറിംഗ് എന്ന പ്രോജക്ടിന് (പ്രോജ.നം 80/18) 35,00,000/- രൂപ വകയിരുത്തി ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ടെന്നും ടി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം പരിശോധിച്ചു. എസ്റ്റേറ്റിനുള്ളിൽ കൂടി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയില്ലായെന്ന് കമ്പനിയുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മയിലാട്ടുംപാറ റോഡ് ടാറിംഗ് എന്ന പ്രോജക്ട് (പ്രോജ.നം 80/18) നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല

ജില്ലാ കളക്ടർ, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ